# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :23/10/ 2019

## കുടുംബസഹായനിധി വിതരണം

കൊല്ലം : സർവ്വീസിലിരിക്കെ മരണ മടഞ്ഞ സേനാംഗങ്ങളായ ജി. ഉദയകുമാർ, എസ്. ലീലാകൃഷ്ണൻ, എം. വസന്തകുമാരി, വിനീതാ ഗോപിനാഥ് എന്നിവർക്കായി കേരളാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ കേരളാ പോലീസ് അസോസിയേഷൻ കൊല്ലം സിറ്റി, റൂറൽ ജില്ലാകമ്മിറ്റികളുടെ നേതൃത്വ




ത്തിൽ കുടുംബാസഹായനിധി വിതരണം നടത്തി. കൊല്ലം മേയർ അഡ്വ. വി. രാജേന്ദ്രബാബു ഏ. ആർ. ക്യാമ്പിൽ സംഘടിപ്പിച്ച ചടങ്ങിൽവച്ച് ഓരോ കുടുംബത്തിനും പോലീസ് സേനാംഗങ്ങളിൽ നിന്നും സ്വരൂപിച്ച ഏഴ് ലക്ഷം രൂപ വീതം വിതരണം ചെയ്തു. പ്രസ്തുത യോഗത്തിൽ സിറ്റിപോലീസ് കമ്മീഷണർ പി. കെ. മധു ഐ. പി. എസ്. മുഖ്യതിഥിയും കേരളാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സി. ആർ. ബിജു, മുഖ്യപ്രഭാഷണവും നടത്തി. അസിസ്റ്റന്റ് കമ്മീഷണർ എ. പ്രതീപ്കുമാർ പോലീസ് അസോസിയേഷൻ

സംസ്ഥാനട്രഷറർ ശ്രീ. എസ്. ഷൈജു, കെ. പി.ഒ.എ. ജില്ലാസെക്രട്ടറിമാരായ എം. സി. പ്രശാന്തൻ, കെ. ഉണ്ണികൃഷ്ണപിള്ള, കെ.പി.എ. റൂറൽ ജില്ലാസെക്രട്ടറി ബിജു. വി. പി., കെ. പി. എ. സിറ്റി ജില്ലാ പ്രസിഡന്റ്മാരായ എസ്. നജീം, എസ്. അജിത്കുമാർ, കെ. പി.ഒ.എ. സംസ്ഥാന നിർവ്വാഹസമിതിഅംഗങ്ങളായ കെ. സുനി, എസ്. സലീം, കെ.പി.എ. സംസ്ഥാന നിർവ്വാഹസമിതിഅംഗങ്ങളായ എസ്. ആർ. ഷിനോദാസ്, റ്റി. അജിത്കുമാർ എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. കെ. പി. ഒ. എ. സിറ്റി ജില്ലാ പ്രസിഡന്റ് ആർ. ജയകുമാർ അദ്ധ്യക്ഷതവ ഹിച്ച യോഗത്തിൽ കെ.പി.എ. ജില്ലാസെക്രട്ടറി ജിജു. സി. നായർ സ്വാഗതവും കെ.പി.ഒ.എ. ജോയിൻസെക്രട്ടറി ശ്രീ. കെ. ഉദയൻ നന്ദിയും രേഖപ്പെടുത്തി.